# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 424

27.02.2018-ൽ മറുപടിക്ക്

## മൂല്യം കുറഞ്ഞ മുദ്രപത്രങ്ങളുടെ ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.എൻ .എ.നെല്ലിക്കുന്ന്**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ.റ്റി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| എ) മൂല്യം കുറഞ്ഞ മുദ്രപ്പത്രങ്ങളുടെ ക്ഷാമംമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിവിധ ആനുകൂല്യങ്ങൾ ഉൾപ്പെടെ ലഭിക്കുന്നതിന് ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് അധികമായി സ്റ്റോക്കുള്ള 1 രൂപ മുതൽ 5 രൂപ വരെയുള്ള നോൺജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾ 50 രൂപ മൂല്യമുള്ളവയായും, 7 മുതൽ 10 രൂപ വരെ മൂല്യമുള്ളവയെ 100 രൂപയുടെ സ്റ്റാമ്പ് പേപ്പറായും പുനർമൂല്യനിർണ്ണയം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ഫെബ്രുവരി അവസാന വാരം ഇവ ട്രഷറികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 50, 100 രൂപ വിലയുള്ള മുദ്രപത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികൾ നിന്നും ഒട്ടും സ്റ്റോക്കില്ലാത്ത ട്രഷറികളിലേക്ക് നൽകുന്നതിന് നടപടി എടുത്തിട്ടുണ്ട്. ടി ഇനം മുദ്രപത്രങ്ങൾക്ക് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് തടയാനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 31/03/2018 വരെ ആവശ്യം വരുന്ന മുദ്രപത്രങ്ങൾ അച്ചടിക്കുന്നതിനുള്ള ഇൻഡന്റ് നാസിക് പ്രസ്സ് അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 30/09/2017 വരെയുള്ള ഇൻഡന്റിന്റെ 30% മുൻ കൂർ തുക പ്രസ്സിന് നൽകിയിട്ടുണ്ട്. 01/04/2017 മുതൽ 30/09/2017 വരെയുള്ള കാലയളവിലേക്ക് ഇൻഡന്റ് നൽകിയതും അച്ചടി പൂർത്തിയായതുമായ മുദ്രപ്പത്രങ്ങൾ നാസിക്കിൽ നിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, ഹൈദരബാദ് |

സെക്യൂരിറ്റി പ്രസിൽ നിന്നും അച്ചടി പൂർത്തിയായ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും കൈപ്പറ്റി കൊണ്ടുവരുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| ബി) പ്രസ്തുത മുദ്രപ്പത്രങ്ങളുടെ ശരാശരി ആവശ്യം തിട്ടപ്പെടുത്തി മുൻകൂറായി അവ ലഭ്യമാക്കാൻ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | ബി) നിലവിൽ മുദ്രപത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും ആവശ്യകത യഥാസമയം വിലയിരുത്തി വർഷത്തിൽ രണ്ട് അർദ്ധ വാർഷിക ഇൻഡന്റ് (ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയും ഒക്ടോബർ മുതൽ മാർച്ച് വരെയും) യഥാക്രമം മാർച്ചിലും സെപ്റ്റംബറിലും തയ്യാറാക്കി നാസിക്കിലെയും ഹൈദരാബാദിലെയും സെക്യൂരിറ്റി പ്രസ്സുകളിൽ ലഭ്യമാക്കി വരുന്നുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**